# Malayala Manorama

# 17 August 2018

# New Delhi, Flood Relief, Central Assistance

## പൂർണ പിന്തുണ നൽകി കേന്ദ്രം, ഡൽഹിയിൽ അടിയന്തര യോഗം

ന്യൂഡൽഹി ● കേരളത്തിനു പൂർണ സഹായമൊരുക്കാൻ കേന്ദ്രവും. പ്രധാനമന്ത്രിയുടെ നിർദേശപ്രകാരം കാബിനറ്റ് സെക്രട്ടറി ദേശീയ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി വിളിച്ചുചേർത്തു. മൂന്നു പ്രതിരോധ സേനയും മറ്റു ഏജൻസികളും പൂർണമായും കേരളത്തെ സഹായിക്കണമെന്നാണ് നിർദേശം. കൂടുതൽ രക്ഷാപ്രവർത്തന സാമഗ്രഹികൾ ലഭ്യമാക്കുന്നതിനു പുറമേ, കൂടുതൽ സൈനികരെയും വിന്യസിക്കും. തുടർവിലയിരുത്തലിനായി ക്രൈസിസ് കമ്മിറ്റി ഇന്നു രാവിലെ വീണ്ടും യോഗം ചേരും. സ്ഥിതി നിയന്ത്രണവിധേയമാകുന്നതു വരെ ഇതു തുടരാനാണ് തീരുമാനം.

ദേശീയ ദുരന്തനിവാരണ സേനയുടെ 18 സംഘങ്ങൾ രക്ഷാ പ്രവർത്തനങ്ങളിലുണ്ട്. എൻജിനിയറിങ് ടാസ്ക് ഫോഴ്സിന്റെ എട്ട്, തീരസേനയുടെ 22, നേവിയുടെ 24 എന്നിങ്ങനെയാണ് നിലവിൽ കേരളത്തിലുള്ള ദൗത്യസംഘങ്ങൾ. മെഡിക്കൽ ക്യാംപ് സംഘടിപ്പിക്കാനുള്ള സേനയുടെ സംഘത്തെയും വിന്യസിച്ചിട്ടുണ്ട്. ഇതുവരെ 2182 പേരെ സുരക്ഷിതസ്ഥാനത്തേക്കു മാറ്റി. ആഭ്യന്തര മന്ത്രി രാജ്നാഥ് സിങ് രണ്ടു തവണ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനുമായി ഫോണിൽ ബന്ധപ്പെട്ടു.

കാബിനറ്റ് സെക്രട്ടറി പി.കെ.സിൻഹയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കേരള ചീഫ് സെക്രട്ടറി അടക്കമുള്ളവർ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.



"കേരളത്തിലെ സ്ഥിതി മനസ്സിലാക്കാൻ മുഖ്യമന്ത്രിയുമായി വീണ്ടും ഫോണിൽ ബന്ധപ്പെട്ടിരുന്നു. രക്ഷാ-സമാശ്വാസ ദൗത്യങ്ങൾക്കു സാധ്യമായതെല്ലാം ചെയ്യുന്നുണ്ട്. പ്രതിരോധ മന്ത്രാലയത്തിനും ആവശ്യമായ നിർദേശം നൽകിയിട്ടുണ്ട്. കേരള ജനതയുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും വേണ്ടി പ്രാർഥിക്കുന്നു

**നരേന്ദ്ര മോദി**
പ്രധാനമന്ത്രി